# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 16**

---

## എം.ജി സർവകലാശാല ഉൾപ്പെട്ട ഗവേഷണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ 100 കോടി രൂപയുടെ ഗ്രാന്റ്

*മഹാത്മാ ഗാന്ധി സർവകലാശാല ഉൾപ്പെട്ട ബയോമെഡിക്കൽ ഗവേഷണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ നൂറു കോടി രൂപയുടെ ഗ്രാന്റ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവുറ്റ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാനമന്ത്രി വിഭാവനം ചെയ്ത പദ്ധതിയിൽ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷനാണ് ഗ്രാന്റ് അനുവദിച്ചത്.*

*പ്രമേഹം, ഫാറ്റി ലിവർ എന്നിവ ബാധിക്കാനുള്ള സാധ്യത നിർമിത ബുദ്ധിയുടെ സഹായത്തോടെ മുൻകൂട്ടി കണ്ടെത്തി ജീവിത ശൈലി ക്രമീകരിക്കാൻ സഹായിക്കുന്ന ഗവേഷണ പദ്ധതിയാണ് എം.ജി സർവകലാശാല സമർപ്പിച്ചിരുന്നത്. പാർട്ട്നർഷിപ്പ് ഫോർ അക്സിലറേറ്റഡ്  ഇന്നവേഷൻ ആന്റ് റിസർച്ച്(പെയർ) പരിപാടിയിൽ ഹബ് ആന്റ് സ്പോക്ക് സംവിധാനത്തിൽ ഒന്നിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചേർന്ന ഗ്രൂപ്പുകളെയാണ് ഗ്രാന്റിനായി പരിഗണിച്ചത്.*

*ദേശീയതലത്തിൽ 32 ഹബ്ബുകളുടെ നേതൃത്വത്തിൽ സമർപ്പിക്കപ്പെട്ട പദ്ധതി നിർദേശങ്ങളിൽ ഏഴെണ്ണത്തിനാണ് അംഗീകാരം ലഭിച്ചത്. നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക്(എൻ.ഐ.ആർ.എഫ്) റാങ്കിംഗിൽ 30നു മുകളിലുള്ള സ്ഥാപനങ്ങളെയാണ് ഹബായി പരിഗണിക്കുക. ഹൈദരാബാദ് സർവകലാശാല ഹബ് ആയ ഗ്രൂപ്പിൽ എം.ജി സർവകലാശാലയ്ക്കു പുറമെ മറ്റ് അഞ്ച് സ്പോക്ക് സർവകലാശാലകൾകൂടിയുണ്ട്.*

*അനുവദിക്കുന്ന ഗ്രാന്റിൽ ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിക്ക് 30 കോടി രൂപ ലഭിക്കും. ബാക്കി 70 കോടി രൂപ മറ്റ് ആറു സർവകലാശാലകൾക്കായി നൽകും. 13 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്ന എം.ജി സർവകലാശാലയ്ക്ക്*

*പത്തു കോടിയിലേറെ രൂപയാണ് ലഭിക്കുക. ബയോ മെഡിക്കൽ മേഖലയിലെ ഗവേഷണവുമായി ബന്ധപ്പെട്ട പദ്ധതികളാണ് ഈ ഗ്രൂപ്പിലെ മറ്റു സർവകലാശാലകളും സമർപ്പിച്ചിരുന്നത്.*

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ നിർദ്ദിഷ്ട ഗവേഷണ പദ്ധതി നിർദേശം പെയർ പദ്ധതിയുടെ ലക്ഷ്യങ്ങളോടു ചേർന്നു നിൽക്കുന്നതാണെന്ന് അനുസന്ധാൻ നാഷണൽ റിസർച്ച് ഫൗണ്ടേഷൻ വിലയിരുത്തി.*

*സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളുടെ പങ്കാളിത്തത്തോടെയാകും ഗവേഷണം നടത്തുകയെന്ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. സ്കൂൾ ഓഫ് ബയോ സയൻസസ്, സ്കൂൾ ഓഫ് എൻയവോൺമെന്റൽ സയൻസസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സ്, സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു.*

*സ്കൂൾ ഓഫ് ബയോസയൻസസിലെ ഡോ. ഇ.കെ. രാധാകൃഷ്ണനാണ് പ്രൊജക്ട് ഇൻവെസ്റ്റിഗേറ്റർ. വൈസ് ചാൻലർ ഡോ. സി.ടി. അരവിന്ദകുമാർ, പ്രഫ. പി.ആർ. ബിജു, പ്രഫ. കെ. ജയചന്ദ്രൻ, പ്രഫ. വി.ആർ. ബിന്ദു, ഡോ. കെ. മോഹൻ കുമാർ, ഡോ. എസ്. അനസ്, ഡോ. എം.എസ്. ശ്രീകല, ഡോ മഹേഷ് മോഹൻ എന്നിവരും ഗവേഷണ സംഘത്തിൽ ഉൾപ്പെടുന്നു.*

*സർവകലാശാലയുടെ സാങ്കേതിക മികവും സംയുക്ത ഗവേഷണങ്ങൾക്ക് ഉതകുന്ന അന്തരീക്ഷവും സമൂഹത്തിന് ഗുണകരമാകുന്ന പഠനങ്ങൾക്ക് മുൻഗണന നൽകുന്നതും ഗ്രാന്റ് ലഭിക്കുന്നതിന് സഹായകമായി. ഈ നേട്ടം സർവകലാശാലയുടെ ഗവേഷണ രംഗത്തെ വളർച്ചയ്ക്ക് ഊർജ്ജം പകരും-വൈസ് ചാൻസലർ കൂട്ടിച്ചേർത്തു.*

*(പി.ആർ.ഒ/39/1489/2025)*

**പ്രാക്ടിക്കൽ**

*ആറാം സെമസ്റ്റർ ബിവോക് ലോജിസ്റ്റിക്സ് മാനേജ്മെന്റ്(2022 അഡ്മിഷൻ റഗുലർ/2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്-പുതി സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ 22ന് ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1490/2025)*

**പരീക്ഷാ ഫലം**

*രണ്ടാം സെമസ്റ്റർ ഐഎംസിഎ(2023 അഡ്മിഷൻ റഗുലർ) ഐഎംസിഎ(2017 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി), ഡിഡിഎംസിഎ(2014 മുതൽ 2016*

*വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മെയ് രണ്ടുവരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1491/2025)*

**<u>പ്രൊജക്ട്</u>**

*ആറാം സെമസ്റ്റർ സിബിസിഎസ് ബിഎ ഇംഗ്ലീഷ് മോഡൽ 1, 2(പുതിയ സ്കീം-2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രോജക്ട് വൈവ വോസി പരീക്ഷകൾ ഏപ്രിൽ 21ന് ആരംഭിക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1492/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**